പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . **2872** **22.02.2016** - ലെ മറുപടിക്ക്

പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും,സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) പത്താം ശമ്പള കമ്മീഷൻ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജീവക്കാരുടെ ശമ്പളം നിശ്ചയിക്കുന്നതിന് വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ ശമ്പളം യോഗ്യതാടിസ്ഥാനത്തിൽ ഉയർത്തുമോയെന്ന് വ്യക്തമാക്കുമോ? | (എ) പത്താം ശമ്പള കമ്മീഷൻ 21/01/2016 തീയതിയായി ജി.ഒ.(പി) നം. 10/2016/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ അനോമലികൾ ഉണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം പരിഹരിക്കുന്നതാണ്. |
| (ബി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ ഇവാല്യുവേഷനും മോണിട്ടറിംഗും നടത്തുന്നതിന് 2007 - ൽ നിയമിച്ച പ്രൊഫ എം.എ. ഉമ്മൻ നൽകിയ ശുപാർശ പരിഗണിച്ച് പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കുമോയെന്ന് അറിയിക്കുമോ? | (ബി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ ഇവാല്യൂഷനും മോണിട്ടറിംഗും നടത്തുന്നതിന് 2007 - ൽ നിയമിച്ച പ്രൊഫ: എം.എ.ഉമ്മൻ കമ്മിറ്റി നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് 12/02/16-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ